നീലിമലയിൽ ഹെൽപ്പ് ഡസ്കും ളാഹ സത്രം പുനരുദ്ധാരണവും

150(T2619) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്കായി നീലിമലയിൽ ഹെൽപ്പ് ഡസ്ക് പണിയുന്നതിനായി നിയോജക മണ്ഡല ആസ്തിവികസന ഫണ്ടിൽ നിന്ന് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും ഇതിന്റെ ഭരണാനുമതി എന്നാണ് ലഭിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഹെൽപ്പ് ഡസ്കിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിർമ്മാണം വൈകുന്നതിന്റെ കാരണം വിശദമാക്കുമോ; എന്നത്തേക്ക് പണി ആരംഭിക്കാനാകും;

(സി) ളാഹ സത്രം പുനരുദ്ധാരണത്തിനായി ആസ്തിവികസന ഫണ്ടിൽ നിന്നും എത്ര രൂപയുടെ പദ്ധതി തയ്യാറാക്കാനാണ് എം.എൽ.എ. റാന്നി ഡി.എഫ്.ഒ.-യ്ക്ക് നിർദ്ദേശം നൽകിയിരുന്നത് ; ഇതനുസരിച്ചുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ; ഇതിന്റെ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ശബരിമല തീർത്ഥാടകർക്കായി നീലിമലയിൽ ഹെൽപ്പ് ഡസ്ക് പണിയുന്നതിന് 3-8-2015 തീയതിയിൽ സ.ഉ.(ആർ.റ്റി.)364/15/വനം വന്യജീവി വകുപ്പ് ഉത്തരവ് പ്രകാരം 13 ലക്ഷം രൂപ അനുവദിച്ചതായി വനം വന്യജീവി വകുപ്പ് അറിയിച്ചിട്ടുണ്ട്.

(ബി) 2012-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റിന് 13 ലക്ഷം രൂപയ്ക്കുള്ള അനുമതിയാണ് ലഭ്യമായിട്ടുള്ളത്. എന്നാൽ, ഈ തുകയ്ക്ക് ഇപ്പോൾ ഈ ജോലി പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ ബാക്കി വേണ്ടിവരുന്ന തുക പെരിയാർ വെസ്റ്റ് ഡിവിഷൻ ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസിയിൽനിന്നും ഫണ്ട് കണ്ടെത്തി പണി പൂർത്തിയാക്കുന്നതിലേക്കായി വനം വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. തുക ലഭ്യമായാൽ ഉടൻതന്നെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണെന്ന് വനം വകുപ്പ് അറിയിച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ളാഹ സത്രം പുനരുദ്ധാരണത്തിനായുള്ള നടപടികൾ സ്വീകരിക്കണമെന്ന് റാന്നി എം.എൽ.എ. റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. ഉദ്ദേശം 30 ലക്ഷം രൂപ ചെലവിൽ 100 പേർക്ക് താമസിക്കാവുന്ന ഡോർമിറ്ററി, 10 ടോയിലറ്റ്, 5 മുറികൾ (ഇതിൽ ഒന്ന് എ.സി.), 15000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണി (സോളാർ പാനലുകൾ, ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് ഉൾപ്പെടെ) കേരളീയ വാസ്തുശിൽപ്പ മാതൃകയിലുള്ള കെട്ടിടമാണ് പണിയേണ്ടതെന്നും ആർക്കിടെക്ടിന്റെ സേവനം ഉപയോഗിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് കൊല്ലത്തുള്ള ശ്രീ. യൂജിൻ പണ്ടാല എന്ന ആർക്കിടെക്ടുമായി റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ളാഹയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്ന സ്ഥലം പരിശോധിക്കുകയും ആർക്കിടെക്ടിന്റെ നിർദ്ദേശമനുസരിച്ച് ടി സ്ഥലത്തിന്റെ സർവ്വേ ജോലികൾ പൂർത്തീകരിച്ച് ആർക്കിടെക്ടിന് നൽകുകയും ചെയ്തു. എന്നാൽ ടോട്ടൽ സർവ്വേ ചെയ്ത് കോണ്ടൂർലൈനുകൾകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതുക്കിയ സർവ്വേ സ്കെച്ച് ആവശ്യമാണെന്ന് ആർക്കിടെക്ട് അറിയിച്ചതിൻപ്രകാരം ആയത് ലഭ്യമാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നതായി വനം വകുപ്പ് അറിയിച്ചിട്ടുണ്ട്.

തിരുവിതാംകൂർ ദേവസ്വം ഭൂമി

151(2620) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ഭൂമി അന്യസംസ്ഥാനങ്ങൾക്ക് പാട്ടത്തിന് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം വ്യവസ്ഥകൾ പ്രകാരമാണ് ഭൂമി കൈമാറ്റം നടത്താൻ തീരുമാനിച്ചിട്ടുള്ളത്?

ഉത്തരം

(എ) ശബരിമല തീർത്ഥാടനത്തിന് എത്തുന്ന അന്യസംസ്ഥാന തീർത്ഥാടകർക്ക് ആവശ്യമായ 'സൗകര്യം' ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ വിശ്രമ കേന്ദ്രങ്ങൾ പണികഴിപ്പിക്കുന്നതിന് നിലയ്ക്കലിൽ സ്ഥലം നൽകുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly